

| |
|---|
| വയസ്സ് |
| ജനന തീയതി |
| പേര് |
| വിലാസം |
| |
| |
| രക്ഷകർത്താവിന്റെ ഒപ്പ്: |

*കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ*

# ബൈബിൾ ടൈം

ആരംഭ പാഠം

LEVEL - 2

8 മുതൽ 10 വയസ്സുവരെ

## പാഠം 1: ബൈബിൾ

### *എന്താണ് ബൈബിൾ?*

ദൈവം നമുക്ക് തന്നിരിക്കുന്ന വളരെ വിലപ്പെട്ട പുസ്തകമാണ് ബൈബിൾ. ദൈവത്തെക്കുറിച്ചും ദൈവപുത്രനായ യേശുവിനെക്കുറിച്ചും ഈ പുസ്തകം നമ്മോടു പറയുന്നു.

***ഈ ചിത്രത്തിനും ബൈബിൾ എന്ന പദത്തിനും നിറം കൊടുക്കു***




ബൈബിൾ

/2

ബൈബിൾ ഒരു പുസ്തകശാല പോലെയാണ്. ആകെ 66 പുസ്തകങ്ങൾ ബൈബിളിലുണ്ട്.

ബൈബിളിനെ രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗം പഴയ നിയമം. ഇതിൽ യേശുവിന്റെ ജനനത്തിന് മുമ്പ് സംഭവിച്ച കാര്യങ്ങൾ 39 വ്യത്യസ്ത പുസ്തകങ്ങളിലായി വിവരിക്കുന്നു. രണ്ടാം ഭാഗം പുതിയനിയമം. ഈ ഭാഗത്ത് യേശുവിന്റെ ജനനശേഷം സംഭവിച്ച കാര്യങ്ങളെക്കുറിച്ച് 27 പുസ്തകങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്നു.

GOSPEL FOR CHILDREN

**ചോദ്യം:** ചേരുംപടി ചേർക്കുക.

1. ബൈബിളിലെ പുസ്തകങ്ങൾ? 27
2. പഴയനിയമത്തിലെ പുസ്തകങ്ങൾ? 66
3. പുതിയനിയമത്തിലെ പുസ്തകങ്ങൾ? 39

☐ /6

**വ്യത്യസ്ത തരത്തിലുള്ള പുസ്തകങ്ങൾ ബൈബിളിലുണ്ട്.**

ന്യായപ്രമാണം (നിയമങ്ങൾ), ചരിത്രം, കവിത, പ്രവചനം (ഭാവി കാര്യങ്ങളുടെ വിവരണം), യേശുവിന്റെ ജീവചരിത്രം, ലേഖനങ്ങൾ തുടങ്ങിയവയാണ് ഈ പുസ്തകങ്ങൾ.

യേശുവിന്റെ ജീവചരിത്രം രേഖപ്പെടുത്തിയിരിക്കുന്ന നാല് പുസ്തകങ്ങൾക്ക് ഒരു പ്രത്യേക പേരാണ് പറയുന്നത്.

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വാക്കുകളിലെ മലയാള അക്ഷരങ്ങൾ ശ്രദ്ധിച്ച് അതിന് ചുവടെയുള്ള കളങ്ങളിൽ എഴുതിയാൽ ആ പേര് കണ്ടുപിടിക്കാം.

| സുprabatham | വിjayam | Viശേsham | Maഷി | Pazhaങ്ങൾ |
|---|---|---|---|---|
| ☐ | ☐ | ☐ | ☐ | ☐ |

☐ /4

യേശുവിന്റെ കാലത്ത് ജീവിച്ചിരുന്ന നാല് വ്യക്തികളാണ് ഈ പുസ്തകങ്ങൾ എഴുതിയത്. അവരുടെ പേരുകളിലാണ് ഇവ അറിയപ്പെടുന്നത്.

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന കളങ്ങളിൽ നിന്നും 1,2,3,4 എന്ന് എഴുതിയിരിക്കുന്ന ചതുരത്തിലെ അക്ഷരങ്ങൾ ചേർത്ത് എഴുതിയാൽ പേരുകൾ കണ്ടുപിടിക്കാം.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മ 1 | രം | ത | ത്താ 1 | മ്മ | യി 1 | | | | |
| ല | മ 2 | നീ | ർ 2 | ക്കോ 2 | വ | ഞ്ചി | സ് 2 | | |
| വ | ല | ക | ലൂ 3 | മ | ജ | ക്കോ 3 | ട്ട | ര | സ് 3 |
| ക | ര | മ | യോ 4 | സ | ഹ 4 | ന്നാ 4 | വി | ൻ 4 | |

1. **മ — —**
2. **— — — സ്**
3. **— ക്കോ —**
4. **യോ — — —**

☐ /8

ഈ പഠനത്തിലൂടെ ബൈബിളിനെ കൂടുതലായി അറിയുവാനും, അതിലൂടെ ദൈവത്തേയും ദൈവസ്നേഹത്തേയും കുറിച്ച് പഠിക്കുവാൻ നിങ്ങൾക്ക് സാധിക്കും. അടുത്തതായി പഠിക്കുവാൻ പോകുന്ന പാഠം മൂന്നാമത്തെ സുവിശേഷത്തിൽ നിന്നുള്ളതാണ്. അത് ഏത് പുസ്തകമാണെന്ന് കണ്ടെത്തുവാൻ കഴിയുമോ?

**ആകെ** ☐

## പാഠം : 2   രണ്ട് ഭവന നിർമ്മാതാക്കൾ



വായന ഭാഗം
ലൂക്കോസ് 6:46-49



താക്കോൽ വാക്യം
ലൂക്കോസ് 6:46

യേശു ജനക്കൂട്ടത്തോട് അനേക കഥകൾ പറയുകയുണ്ടായി. ഒരിക്കൽ ബുദ്ധിമാന്റെയും ബുദ്ധിഹീനന്റെയും കഥ പറഞ്ഞു.




ബുദ്ധിമാൻ ഒരു വീട് പണിയുവാൻ തീരുമാനിച്ചു. വീട് ബലമുള്ളതായിരിക്കണമെങ്കിൽ നല്ല ഉറപ്പുള്ള അടിസ്ഥാനം വേണം. പാറമേൽ അടിസ്ഥാനമിട്ട് വീട് അദ്ദേഹം പണിതു.

പണി പൂർത്തിയായി ഏറെ നാൾ കഴിയും മുമ്പെ കൊടുങ്കാറ്റും, തോരാത്ത മഴയും, വെള്ളപ്പൊക്കവും ഉണ്ടായി. വെള്ളം ഇരച്ചുവന്ന് വീടിന്മേൽ ആഞ്ഞടിച്ചു. എന്നാൽ നല്ല അടിസ്ഥാനത്തിന്മേൽ പണിതിരുന്നതിനാൽ വീട് വീണില്ല.

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക.

1. നല്ല അടിസ്ഥാനത്തിന്മേലാണ് ബുദ്ധിമാൻ വീട് പണിതത്. ☐
2. മണലിന്മേലാണ് ബുദ്ധിമാൻ വീട് പണിതത് ☐
3. വെള്ളപ്പൊക്കത്തിൽ ബുദ്ധിമാന്റെ വീട് തകർന്നുപോയി ☐

☐ /6

ബുദ്ധിഹീനനായ ഒരു മനുഷ്യനും വീട് പണിതു. മണലിന്മേലാണ് പണിതത്. കൊടുങ്കാറ്റും വെള്ളപ്പൊക്കവും ഉണ്ടായി, വെള്ളം ആഞ്ഞടിച്ചു. താങ്ങി നിർത്തുവാൻ തക്കവണ്ണം മണലിന് ബലമില്ലായിരുന്നതുകൊണ്ട് വീട് തകർന്നുപോയി.




**ചോദ്യം:** കൊടുങ്കാറ്റടിച്ചപ്പോൾ ബുദ്ധിഹീനനായ മനുഷ്യന്റെ വീടിന് എന്ത് സംഭവിച്ചു?

ആ വീട് ത..........................................

☐ /2

LEVEL - 2

8 മുതൽ 10 വയസ്സുവരെ

**ചോദ്യം:** ശരിയായ ഉത്തരം കളങ്ങളിൽ എഴുതുക.

1. ആരാണ് ബുദ്ധിമാന്റെയും, ബുദ്ധിഹീനന്റെയും കഥ പറഞ്ഞത്?

2. കൊടുങ്കാറ്റിൽ ആരുടെ വീടാണ് തകർന്നു പോകാതിരുന്നത്?

3. എവിടെയാണ് ബുദ്ധിഹീനൻ തന്റെ വീട് പണിതത്?

4. എന്താണ് വീടിന്മേൽ ആഞ്ഞടിച്ചത്?

/8

ഈ കഥയെക്കുറിച്ച് യേശു പറഞ്ഞ വിശദീകരണം ഇപ്രകാരമായിരുന്നു. നാം ബുദ്ധിമാനെപ്പോലെ ആകണമെങ്കിൽ ദൈവവാക്കുകൾ കേട്ട് അനുസരിക്കണം. അനുസരിക്കാതിരുന്നാൽ ബുദ്ധിഹീനനെപ്പോലെയാണ്.






**ചോദ്യം:** വാചകം പൂർത്തിയാക്കുക.

നാം ബുദ്ധിമാനെപ്പോലെ ആകണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ

.................................................. കേട്ട്

......................................................................

ഇവരിൽ ആരെപ്പോലെ ആകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു? ദൈവത്തെ അനുസരിക്കാത്ത ബുദ്ധിഹീനനെപ്പോലെയോ? അതോ ദൈവവാക്ക് കേട്ട് അനുസരിക്കുന്ന ബുദ്ധിമാനെപ്പോലെയോ?

/4

**ആകെ**

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

ആകെ..........

ഈ രണ്ട് പാഠങ്ങളും ബൈബിൾ ടൈമിന്റെ ആദ്യ പാഠങ്ങളാണ്. പൂർത്തീകരിച്ചതിന് ശേഷം ഈ പാഠ്യപദ്ധതി നിങ്ങൾക്ക് തന്ന അദ്ധ്യാപകന് തിരിച്ച് ഏൽപ്പിക്കുകയോ തന്നിരിക്കുന്ന അഡ്രസ്സിൽ അയച്ചു തരികയോ ചെയ്യുക.

☐ തുടർന്നുള്ള പാഠങ്ങൾ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ബോക്സിൽ ടിക് ചെയ്യുക. നിങ്ങളുടെ രക്ഷകർത്താവിന്റെ ഒപ്പ് നിങ്ങളുടെ പേരിന്റേയും അഡ്രസ്സിന്റേയും താഴെ ഇടീക്കുക.

☐ നിങ്ങൾക്ക് സ്വന്തമായി ബൈബിൾ ഉണ്ടെങ്കിൽ ടിക് ചെയ്യുക.


പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA